# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **01-07-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 5448**

## <u>ഗെയ്‌ലിന്റെ പൈപ്പിടൽ പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ഡോ. ടി.എം.തോമസ് ഐസക്<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഗെയ്‌ലിന്റെ പൈപ്പിടൽ പദ്ധതിയുടെ പുരോഗതി സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) ജില്ലാതലത്തിലും സംസ്ഥാന തലത്തിലും സമയബന്ധിതമായി അവലോകനം നടത്തുന്നുണ്ട്. സ്ഥലമെടുപ്പ് സംബന്ധിച്ച എതിർപ്പും പദ്ധതിയുടെ സുരക്ഷ സംബന്ധിച്ച് ജനങ്ങളിൽ ഉടലെടുത്തിട്ടുള്ള ആശങ്കയും കാരണം പദ്ധതി ഉദ്ദേശിച്ച വേഗതയിൽ പുരോഗമിക്കുന്നില്ല. ഇപ്പോഴത്തെ പുരോഗതി 10% - ൽ താഴെയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| (ബി) ഗെയ്‌ലിന്റെ പൈപ്പിടൽ പദ്ധതിയിലെ കാലതാമസം ഏതെല്ലാം രീതിയിലുള്ള വ്യാവസായിക പ്രതിസന്ധിഉണ്ടാക്കുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) കാലതാമസം പ്രധാനമായും ഊർജ്ജപ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. പൈപ്പ് ലൈൻ പൂർത്തീകരിക്കാത്തതിനാൽ PLL - ന് പൂർണ്ണതോതിൽ പ്രവർത്തനക്ഷമത കൈവരിക്കാൻ സാധിച്ചിട്ടില്ല. ഇക്കാരണത്താൽ ഈ പദ്ധതിയും പ്രതിസന്ധിയിലാണ്. |
| (സി) പൈപ്പിടൽ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും ഇന്നത്തെ സ്ഥിതിയിൽ ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ; | (സി) പൈപ്പിടൽ പദ്ധതി 2013 ഡിസംബറിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. പൈപ്പിടുന്നതിനുള്ള ഭൂമി ലഭ്യമായാൽ ഒരു വർഷംകൊണ്ട് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. |
| (ഡി) പൈപ്പിടൽ പദ്ധതിക്ക് പ്രധാന തടസ്സം എന്താണെന്നും അത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ? | (ഡി) സ്ഥലമെടുപ്പ് സംബന്ധിച്ച് ജനങ്ങളുടെയും ചില സംഘടനകളുടേയും എതിർപ്പാണ് പ്രധാന തടസ്സം. ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. നഷ്ട പരിഹാരം സംബന്ധിച്ചുള്ള ആശങ്ക പരിഹരിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് നിശ്ചയിക്കുന്ന തുക നൽകാമെന്ന് ഗെയിൽ സമ്മതിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ